(ബി) എൻ.ടി.പി.സിയുടെ അഭ്യർത്ഥന ഉൾക്കൊള്ളുന്ന കത്തുകളുടെ പകർപ്പ് അനുബന്ധം 1-ൽ വച്ചിട്ടുണ്ട്.†

(സി) കെ.എസ്.ഇ.ബിയുടെ മറുപടി കത്തിന്റെ പകർപ്പ് അനുബന്ധം 11-ൽ കാണാവുന്നതാണ്.†

(ഡി) കായംകുളത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപാദന വില കേന്ദ്ര താരിഫ് റെഗുലേറ്ററി കമ്മിഷന്റെ തീരുമാനത്തിന് വിധേയമാണ്. തീരുമാനം ആയിട്ടില്ല.

141 (1685) ഡീസൽ നിലയത്തിന്റെ കരാറിലെ വിദേശ നാണ്യ നിരക്ക്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡീസൽ നിലയത്തിന്റെ കരാറിലെ വിദേശ നാണ്യനിരക്ക് ഡോളറിന് പകരം ഫിനിഷ് മാർക്ക് ആക്കിയതിന്റെ കാരണം എന്താണ്;

(ബി) ഇതുകൊണ്ട് വൈദ്യുത ബോർഡിന് ഉണ്ടായ സാമ്പത്തിക നേട്ടം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡോളറിന്റെ വിനിമയ നിരക്കിൽ സാരമായ വർദ്ധന ഉണ്ടാകുന്നതുകൊണ്ട് ഫിനിഷ്മാർട്ട് കൂടുതൽ ഗുണകരമാണെന്ന് മനസ്സിലാക്കിയാണ് വിദേശ നാണ്യനിരക്ക് ഫിനിഷ്മാർക്ക് ആക്കിയത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(ബി) പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷമേ സാമ്പത്തിക നേട്ടം കണക്കാക്കാനാവൂ.

142 (1686) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കെല്ലാമാണ്; എവിടെയെല്ലാമാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly